# കേരളാ പോളിടെക്നിക് കോളേജ് കലോത്സവം

## സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1. സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെ യുള്ള പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമായി സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (പി.എസ്) ചെയർമാനും പ്രിൻസി പ്പൽമാർ മറ്റു ഡിപ്പാർട്ടുമെന്റിലെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർക്കു പുറമേ അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാ രംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാ കാരന്മാരെ ജനറൽ കൺവീണർ നിയമിക്കേതാണ്. താഴെപ്പറയുന്ന കലാരംഗങ്ങ ളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരന്മാരെ ജനറൽ കൺവീനർ മെബർമാരായി അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. അപ്പീൽ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 11 അംഗങ്ങൾ ഉായിരിക്കണം.

    1. ശാസ്ത്രീയ നൃത്തത്തിൽ വിദഗ്ധൻ/വിദഗ്ധ
    2. ശാസ്ത്രീയ ലളിത സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
    3. മാപ്പിളകലകളിൽ വിദഗ്ധൻ/വിദഗ്ധ
    4. ഉപകരണസംഗീതത്തിൽ വിദഗ്ധൻ വിദഗ്ധ
    5. ചിത്രകലയിൽ വിദഗ്ധൻ/വിദഗ്ധ
    6. താളവാദ്യത്തിൽ വിദഗ്ധൻ/വിദഗ്ധ
    7. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ
    8. അഭിനയകലകളിൽ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് ജനറൽ കൺവീനർ പുറപ്പെടുവിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദഗ്ധർക്കു പുറമേ ഏതെങ്കിലും വിഭാഗത്തിൽ വിധിനിർണ്ണായത്തിന് വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കും.

3. ലഭിക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ച് നടപടിയെടുക്കുവാനും വീണ്ടും വിധി പ്രഖ്യാപിക്കുവാനും അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരി ക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

4. അപ്പീൽ പരിശോധിച്ച് അനുവദിച്ചാൽ മാത്രമേ പരാതിക്കാരന് തുക തിരികെ ലഭിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഈ തുക കലോത്സവ ഫണ്ടി ലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

5. അപ്പീൽ കമ്മിറ്റി അംഗങ്ങളുമടെ ബയോഡാറ്റാ ചെയർമാൻ വാങ്ങി സൂക്ഷിക്കേ ണ്ടതാണ്.

6. അപ്പീൽകമ്മറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനുവലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം 4 ൽ ചെയർമാന് നൽകേണ്ടതാണ്.

7. സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 500 രൂപ ഫീസ് സഹിതം അനുബന്ധം 2 ൽ കൊടുത്തിരിക്കുന്ന ഫാറത്തിൽ പരാതികൾ തയ്യാറാക്കി ഒപ്പിട്ട് അപ്പീൽ കമ്മറ്റി ചെയർമാന് മൽത്സരാർത്ഥി/ ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

8. സംസ്ഥാനതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യ കാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

9. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

10. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പേടുത്തി സൂക്ഷിക്കേണ്ടതാണ്.

**അനുബന്ധം 2**

**മാതൃകാ ഫോറം**

# കേരളാ പോളിടെക്നിക് കലോത്സവം

**അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം**

1. വിദ്യാർത്ഥിയുടെ പേര് :
2. പോളിടെക്നിക്ക് :
3. പങ്കെടുക്കുന്ന ഇനം :
4. വേദിയുടെ പേരും നമ്പറും :
5. രജിസ്റ്റർ നമ്പർ :
6. കോഡ് നമ്പർ :
7. മത്സരത്തിൽ ലഭിച്ച സ്ഥാനം :
8. മത്സരം നടന്ന തീയതിയും സമയവും :
9. വിധി പ്രഖ്യാപനം നടത്തിയ തീയതി :
10. അപ്പീൽ സമർപ്പിക്കുവാനുണ്ടായ കാരണം :

മത്സരാർത്ഥിയുടെ ഒപ്പ് ടീം മാനേജരുടെ പേര്, ഒപ്പ്

അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും

ആഫീസ് ഉപയോഗത്തിന്

1. അപ്പീൽ നമ്പർ
2. അപ്പീൽ ഫീസിന്റെ തീയതിയും രസീത്നമ്പറും തീയതിയും
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം
4. റിമാർക്ക്സ്

ഒപ്പ്
ചെയർമാൻ
അപ്പീൽ കമ്മിറ്റി

**അനുബന്ധം 3**

മാതൃക ഫോറം

**കേരളാ പോളിടെക്നിക് കലോത്സവം**

(അപ്പീൽ തീർപ്പാക്കി കൊണ്ടുള്ള നടപടി ഉത്തരവ്)

വിഷയം;

സൂചന:

ഉത്തരവ് നമ്പർ..........................................................................................

തീയതി............................................................

മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം.

കാര്യകാരണ വിശകലന റിപ്പോർട്ട്

അപ്പീലിന്മേലുള്ള തീരുമാനം

ഒപ്പ്
ചെയർമാൻ
അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും വിലാസവും

## അനുബന്ധം 4

<u>മാതൃകാ ഫോറം</u>

## കേരളാ പോളിടെക്നിക് കലോത്സവം

(വിധികർത്താക്കൾ / അപ്പീൽകമ്മിറ്റി അംഗങ്ങൾക്കുള്ളത്)

## സത്യപ്രസ്താവന

എന്റെ മകളോ, ബന്ധുക്കളോ, ശിഷ്യന്മാരോ ആരും തന്നെ ഞാൻ വിധി നിർണ്ണയം നടത്തുന്ന/അപ്പീലിന് വിധേയമായ മത്സരയിനത്തിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം — ഒപ്പ്

തീയതി — പേര്

അപ്പീൽകമ്മറ്റി